**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പ്രത്യേക പദ്ധതി- പത്തനംതിട്ട ജില്ലയിലെ വിവിധ പ്രവൃത്തികൾക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

**സ.ഉ(സാ.ധാ)നം. 343/2015/ധന തിരുവനന്തപുരം, തീയതി 14.01.2015.**

---

പരാമർശം- (1) 30.03.2013 ലെ സ.ഉ.(പി) നം.144/2013/ധന ഉത്തരവ്

(2) പത്തനംതിട്ട ജില്ലാ തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 04.07.2014 ലെ ഡി.ബി.2/RBP/14-15 നമ്പർ കത്ത്

(3) പത്തനംതിട്ട ജില്ലാ തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 22.11.2014 ലെ DB-General/2014 നമ്പർ കത്ത്.

(4) സർക്കുലർ നം. 43/2014/ധന തീയതി 17.05.2014.

(5) 20.06.2014 ലെ സ.ഉ.(പി)നം.233/2014/ധന ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശികമായി ആവശ്യമുള്ള ചെറുകിട പ്രവൃത്തികൾ തദ്ദേശതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കുവാനുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ നടപ്പ സാമ്പത്തിക വർഷത്തെ (2014-15) ബജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിക്കുകയുമുണ്ടായി.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിലെ വിവിധ പ്രവൃത്തികൾക്ക് തുക അനുവദിക്കണമെന്ന് ടി പ്രവൃത്തികളുടെ നോഡൽ ഓഫീസറായ പത്തനംതിട്ട ജില്ലാ അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും, തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറും പരാമർശം (2) & (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ താഴെപ്പറയുന്ന പ്രവൃത്തികൾ പ്രാദേശിക മുൻഗണനാ പദ്ധതിയിലുൾപ്പെടുത്തി പരാമർശം (1) ലെ നിബന്ധനകൾക്കു വിധേയമായി

നടപ്പാക്കുന്നതിന് അതാത് ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി സെക്രട്ടറിമാരെ ചുമതലപ്പെടുത്തുവാനും ബജറ്റിൽ '4515-00-800-97 പ്രാദേശികമായ മുൻഗണനാ പ്രവൃത്തി (നോൺ പ്ലാൻ)'എന്ന ശീർഷകത്തിൽ നിന്നും ആകെ 27 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പരാമർശം (4) പ്രകാരം ബിൽതുക നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ബന്ധപ്പെട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സ്വീകരിക്കേണ്ടതാണ്.

| നം | പ്രവൃത്തി | ഗ്രാമപഞ്ചായത്ത് /മുൻസിപ്പാലിറ്റി | അംഗീകരിച്ച തുക(രൂപ) |
|---|---|---|---|
| 1 | അരയാഞ്ഞിലിമൺ സെന്റ് ആന്റണീസ് ചർച്ച് റോഡ് | റാന്നി -പെരുനാട് | 7,00,000 |
| 2 | കൊളീരേത്ത് പടി-കുതിരപ്പുഴി-പാടം സ്റ്റേഡിയം | കോഴഞ്ചേരി | 20,00,000 |
| | | ആകെ | 27,00,000 |

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**എസ്.വി.കല**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ & അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, പത്തനംതിട്ട.
5. ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട
6. പ്രസിഡന്റ്/സെക്രട്ടറി ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി, പത്തനംതിട്ട
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ